## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6622 — 21.11.2019-ൽ മറുപടിക്ക്

### കേന്ദ്ര സമുദ്രമത്സ്യഗവേഷണ കേന്ദ്രത്തിന്റെ പഠന റിപ്പോർട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ**<br>**,, കെ. രാജൻ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീമതി സി.കെ. ആശ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കാൽനൂറ്റാണ്ടിനിടയിലെ ഏറ്റവും താഴ്ന്ന നിലയിലേക്ക് സംസ്ഥാനത്തിന്റെ മത്സ്യ സമ്പത്ത് കുറഞ്ഞതായുള്ള കേന്ദ്ര സമുദ്രമത്സ്യഗവേഷണ കേന്ദ്രത്തിന്റെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയ്ക്ക് കേരള സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ സമുദ്ര മത്സ്യ മൊത്ത ലഭ്യത, സി.എം.എഫ്.ആർ.ഐ - യുടെ കണക്ക പ്രകാരം രേഖപ്പെടുത്തിയത് 2015 ലെ 4.82 ലക്ഷം ടണ്ണാണ്. അതിനുശേഷമുള്ള 3 വർഷങ്ങളിൽ ഇത് ക്രമേണ വർദ്ധിച്ചതായി കാണുകയും, 2018 ൽ ഇത് 6.3 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്ത് ഉപയോഗിക്കുന്ന മത്സ്യത്തിന്റെ സിംഹഭാഗവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണോ എത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ഉപയോഗിക്കുന്ന മത്സ്യത്തിന്റെ 25 ശതമാനത്തോളം മാത്രമാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്നത്. |
| (സി) | കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് നടത്തിയ പരിശ്രമങ്ങൾ ഫലം കണ്ടുവോ; വ്യക്തമാക്കുമോ; | (സി) | കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് നടത്തിയ പരിശ്രമങ്ങൾ ഫലം കണ്ടിട്ടുണ്ട്.<br>തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമ പാരുകൾ സ്ഥാപിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരക്കടലിൽ 140 ട്രപിസോയിഡൽ ആകൃതിയിലുള്ള കൃത്രിമ പാരുകൾ വീതം സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനോടകം തന്നെ പാരുകളുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. കടലിൽ ആയവ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 280 കൃത്രിമപാരു മോഡ്യൂളുകൾ വീതം |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പൂർത്തീകരിച്ച് വരുന്നു. ഇതുകൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത മത്സ്യ ഗ്രാമങ്ങളായ കൊല്ലംകോട് പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യ ഗ്രാമങ്ങളുടെ തീരക്കടലിൽ 200 കൃത്രിമപാരു മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 375.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തി 7 മത്സ്യ ഗ്രാമങ്ങളിൽ റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് നിർമ്മിതിയിലുള്ള കൃത്രിമ പാരുകളും ഒരു മത്സ്യഗ്രാമത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫെറോ സിമന്റ് നിർമ്മിതിയിലുള്ള കൃത്രിമ പാരുമാണ് സ്ഥാപിക്കുന്നത്. |
| (ഡി) | സംസ്ഥാനത്തിന്റെ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും ആയത് വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഡി) | കടലിലെ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപ്പാര് സ്ഥാപിക്കൽ, കടലിലെ കൂട് കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കൃത്രിമപ്പാര് സ്ഥാപിക്കൽ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ പുതുക്കുറിച്ചി, കൊച്ചുതുറ എന്നീ സ്ഥലങ്ങളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതോടൊപ്പം നടപ്പു സാമ്പത്തിക വർഷം പൂന്തുറ, വലിയതുറ, ബീമാപള്ളി എന്നീ മത്സ്യഗ്രാമങ്ങളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് നടപ്പിലാ ക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ 4 ജില്ലകളിലായി 'കടലിൽ കൂടുകൃഷി' പദ്ധതി നടപ്പിലാക്കുന്നതിന് 1398 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ കേജ് ഫാബ്രിക്കേഷൻ സംബന്ധിച്ച ഇ-ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷം ബ്ലൂ റവല്യൂഷൻ പദ്ധതി പ്രകാരം കല്ലുമ്മേക്കായ് കൃഷി, ഓരുജലാശയങ്ങളിലെ കൂടുകൃഷി, ജല പഠന പര്യയന സംവിധാനത്തിലെ മത്സ്യകൃഷി, മത്സ്യകൃഷിയ്ക്കായി വെള്ളക്കെട്ട് (വാട്ടർ ലോഗ് ഡ്) പ്രദേശം പുനരുദ്ധരിക്കലും സബ്സിഡിയും, ചെമ്മീൻ |

| | | | |
|---|---|---|---|
| | | | കൃഷിക്കുള്ള കുളം നവീകരിക്കലും ഇൻപുട്ട് സബ്സിഡിയും, ഗിഫ്റ്റ് തിലാപ്പിയ കൃഷി, ആസ്സാംവാള കൃഷി എന്നീ പദ്ധതികൾക്കായി 686.6 ലക്ഷം രൂപയുടെ കേന്ദ്ര വിഹിതം ഉൾപ്പെടുന്ന പദ്ധതികൾക്ക് അനുമതി നൽകുകയും ആയത് പൂർത്തീകരിച്ചും വരികയാണ്. ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 2018-19 വർഷത്തിൽ 40 കോടി രൂപയുടെയും, 2019-20 സാമ്പത്തിക വർഷത്തിൽ 74.2 കോടി രൂപയുടെയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യസമ്പത്തിന്റെ പരിപാലനത്തിനും വർദ്ധനവിനുമായി നടപ്പിലാക്കിയ വിവിധ നടപടികളുടെ ഫലമായി മത്സ്യോല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ദൃശ്യമായിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യോൽപാദനം വർദ്ധിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുദ്ധ ജലാശയങ്ങളിലും ഓരുജലാശയങ്ങളിലും ഗുണ മേൻമയുള്ള മത്സ്യവിത്ത് ജനപങ്കാളിത്തത്തോടെ നിക്ഷേപിക്കുന്ന ഓപ്പൺ വാട്ടർ റാഞ്ചിംഗ്, സീ റാഞ്ചിംഗ് പദ്ധതികളും നടപ്പാക്കുന്നു. വേമ്പനാട്, അഷ്ടമുടി കായലുകളിൽ കരിമീൻ ഉൾപ്പെടെയുള്ള തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനനത്തിന് ഉചിതമായ ആവാസ വ്യവസ്ഥ കൃത്രിമമായി ഒരുക്കുന്നതിന് ടി കായലുകളിൽ 2 ഹെക്ടർ വീതം വിസ്തീർണ്ണത്തിൽ സംരക്ഷിത കേന്ദ്രങ്ങൾ സജ്ജമാക്കുന്ന പദ്ധതി തൊഴിലാളി പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുണ്ട്. 20 സംരക്ഷിത കേന്ദ്രങ്ങളാണ് ടി കായലുകളിൽ സജ്ജമാക്കുന്നത്. സംസ്ഥാന ഫിഷറീസ് വകുപ്പ് ശേഖരിച്ച കണക്ക് പ്രകാരം 2017-18 സാമ്പത്തികവർഷം ഉൾനാടൻ മത്സ്യോല്പാദനം 1.89 ലക്ഷം മെട്രിക് ടണ്ണായിരുന്നത് 2018-19 ആയപ്പോഴേക്കും 1.92 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ സമുദ്ര മത്സ്യ ഉല്പാദനം 4.83 ലക്ഷം മെട്രിക് ടണ്ണായിരുന്നത് 2018-19-ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ